**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-1184 — 20.03.2012 ൽ മറുപടിക്ക്

**കൊല്ലങ്കോട് ബൈപാസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാർ അനുവദിച്ച കൊല്ലങ്കോട് ബൈപാസ് റോഡിന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ; | (എ) 24/07/2009 ലെ ജി.ഒ(ആർ.റ്റി) നമ്പർ 1044/2009/പൊമവ ഉത്തരവ് പ്രകാരം 1300 ലക്ഷം രൂപയുടെ ഭരണാനുമതി (എൽ.എയ്ക്കു വേണ്ടിയുള്ള 666.90 ലക്ഷം രൂപ ഉൾപ്പെടെ) നൽകി. പ്രവൃത്തിയുടെ അലൈൻമെന്റ് പ്ലാനിന് അംഗീകാരം കൊടുക്കുകയും ജി.ഒ(ആർ.റ്റി) നമ്പർ 939/2010/പൊമവ തീയതി 15/09/2010 പ്രകാരം ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ഉത്തരവാകുകയും 2.48 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടത്തേണ്ട സ്ഥലത്തിന്റെ ഭൂരിഭാഗവും നെൽവയൽ ആയതിനാലാണ് വയൽ നികത്തു ന്നതിന് കേരള നെൽവയൽ തണ്ണീർതട സംരക്ഷണ സമിതിയുടെ അംഗീകാരത്തിനായി പ്രാദേശിക തലത്തിൽ ശുപാർശക്കുവേണ്ടി സംസ്ഥാന സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ഇതുവരെ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭി ക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കേരള നെൽവയൽ തണ്ണീർതട സംരക്ഷണ സമിതിയുടെ അനുമതി ലഭിച്ചാൽ എൽ.എ പ്രവൃത്തികൾ ഉടൻ തന്നെ ആരംഭിക്കാവുന്നതാണ്. മറ്റ് തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. |
| (സി) | ബൈപാസിന്റെ പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (സി) | എൽ.എ നടപടികൾ പൂർത്തിയായാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ